# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3930 — 24.08.2017-ൽ മറുപടിക്ക്

## ചലച്ചിത്രരംഗത്തെ പ്രതിസന്ധി

**ചോദ്യം**

ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. എ.എൻ.ഷംസീർ

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ചലച്ചിത്ര രംഗത്ത് നിലനിന്നിരുന്ന പ്രതിസന്ധി അവസാനിപ്പിക്കാനായി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; | (എ) | ചലച്ചിത്ര രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകും വിധം സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയാള സിനിമയുടെ സമഗ്ര വികസനത്തിനായി അടൂർ ഗോപാലകൃഷ്ണൻ കമ്മറ്റി സമർപ്പിച്ച ശുപാർശകളടക്കം പരിഗണിച്ചുകൊണ്ടാണ് അതോറിറ്റി രൂപീകരിക്കുക. സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കാൻ ജസ്റ്റിസ് കെ.ഹേമ ചെയർപേഴ്സണും, നടി ശ്രീമതി ശാരദ, ശ്രീമതി വത്സലകുമാരി റിട്ട.ഐ.എ.എസ് എന്നിവർ അംഗങ്ങളുമായ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | സിനിമയെന്ന ജനകീയ കല ആസ്വാദകരിൽ എത്തിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | സിനിമയെന്ന ജനകീയ കല ആസ്വാദകരിൽ എത്തിക്കുന്നതിന് സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പരിപാടിയിലൂടെ സാധാരണ ജനങ്ങൾക്കും ഗ്രാമീണ ജനങ്ങൾക്കും സന്നദ്ധ സംഘടനകളുടേയും ഫിലിം സൊസൈറ്റികളുടേയും ആവശ്യ പ്രകാരം സംസ്ഥാനത്ത് അഞ്ച് മേഖലകളായി തിരിച്ച് സിനിമാപ്രദർശനങ്ങൾ നടത്തിവരുന്നു. കൂടാതെ സ്കൂളുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഫിലിം ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അതിലൂടെ നല്ല സിനിമകളെ കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അതിനുപുറമേ പ്രതിവാര സൗജന്യ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. നിലവിൽ തിരുവനന്തപുരത്ത് നടക്കുന്ന പ്രതിവാര സൗജന്യ ക്ലാസ്സിക് സിനിമാ പ്രദർശനങ്ങൾ അഞ്ച് മേഖലാ കേന്ദ്രങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br>നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി, കേരളത്തിലങ്ങോളമിങ്ങോളം |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തീയറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തികവർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സിനിമാ വ്യവസായത്തിന്റെ വിവിധ തലങ്ങളിലെ ആശാസ്യമല്ലാത്ത പ്രവണതകളും മാഫിയാവൽക്കരണവും ഇല്ലാതാക്കാൻ ആവശ്യമായ ഇടപെടലുകൾ സാധ്യമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. സിനിമാ വ്യവസായത്തിന്റെ വിവിധ തലങ്ങളിലെ ആശാസ്യമല്ലാത്ത പ്രവണതകൾ, മാഫിയാവൽക്കരണം എന്നിവ ഒഴിവാക്കുന്നതിനുകൂടി ഉതകുന്ന രീതിയിലുള്ള നിയമനിർമ്മാണം നടത്തുവാനാണ് സിനിമാ റഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | കിഫ്ബി വഴി ജില്ലാ കേന്ദ്രങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയിക്ക് ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വിവിധ ജില്ലകളിൽ ടി പദ്ധതിക്കായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

**സെക്ഷൻ ഓഫീസർ**